# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4785** **19.05.2017-ൽ മറുപടിയ്ക്ക്**

**മത്സ്യം ഹാർബറിൽ നിന്ന് മാർക്കറ്റുകളിൽ എത്തിക്കുവാനുള്ള നടപടി**

| ചോദ്യം<br>ശ്രീ.എം. നൗഷാദ് | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കേരളത്തിൽ ലഭിക്കുന്ന മത്സ്യം മാരകവിഷം കലർന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) മത്സ്യം കേട്ടു കൂടാതെയിരിക്കുന്നതിന് ചില രാസപദാർത്ഥങ്ങൾ ചേർക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കേരളത്തിൽ മത്സ്യങ്ങളിൽ രാസപദാർത്ഥങ്ങൾ ചേർത്ത് വില്പന നടത്തുന്നത് തടയുന്നതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ വിഭാഗവും ഫിഷറീസ് വകുപ്പും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും എല്ലാ ജില്ലകളിലും ഭക്ഷ്യ സുരക്ഷാ വിഭാഗവും ഫിഷറീസ് വകുപ്പിലെയും ഓരോ ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടു ണ്ട്. പരിശോധനയിലൂടെ ശേഖരിക്കുന്ന സാമ്പിളുകൾ ലബോറട്ടറികളിൽ പരിശോധിച്ച് നടപടികൾ കൈകൊള്ളുന്നതുമാണ്. കൂടാതെ ഇതിനെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരുന്നു ണ്ട്. |
| ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മത്സ്യം മത്സ്യഫെഡോ മറ്റ് സർക്കാർ ഏജൻസികളോ ഹാർബറിൽ നിന്ന് നേരിട്ട് ശേഖരിച്ച് മാർക്കറ്റുകളിൽ എത്തിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ബി) ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഹാർബറുകളിൽ നിന്ന് നേരിട്ട് സ്വീകരിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുത്ത മാർക്കറ്റുകളിൽ എത്തിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പുമായി പ്രാരംഭ ചർച്ചകൾ നടത്തിയിരുന്നു. മത്സ്യഫെഡിനെയും ഇതിനായി സജ്ജമാക്കുന്നതാണ്. തീരുമാനമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**